## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 11 11.6.2012 ൽ മറുപടിയ്ക്ക്

## വാഗമൺ വാഹന അപകടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | ചേർത്തല, മുഹമ്മ, തണ്ണീർമുക്കം സ്വദേശികളും ചെണ്ടവാദ്യകലാകാരന്മാരുമായിരുന്ന ഒരുപറ്റം ചെറുപ്പക്കാർ സഞ്ചരിച്ചിരുന്ന വാഹനം 2012 ഫെബ്രുവരി 21 ന് വാഗമണിന് അടുത്ത് അപകടത്തിൽ പെടുകയും അവരിൽ 4 പേർ മരണമടയുകയും 20 പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സർക്കാർ നൽകിയ ധനസഹായം അപര്യാപ്തമാണെന്നും തുക വർദ്ധിപ്പിക്കണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ തുക വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എ) & (ബി) | ഉണ്ട്. 24.2.2012 ലെ സ.ഉ. (കയ്യെഴുത്ത്) നം : 77/12/റവ. പ്രകാരം വാഗമൺ ഒറ്റഈട്ടി അപകടത്തിൽ മരണമടഞ്ഞ 4 പേരുടെ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റ 2 പേർക്ക് 25000/- രൂപ വീതവും പരിക്കേറ്റവർക്ക് 10,000/- രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിരുന്നു. ടി സംഭവത്തിൽ പരിക്കേറ്റവർക്ക് സർക്കാർ നൽകിയ ധനസഹായം അപര്യാപ്തമാണെന്നും തുക വർദ്ധിപ്പിക്കണമെന്നുമുള്ള ആവശ്യം പരിഗണിച്ച് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ശ്രീ. സുധീഷിന് നേരത്തേ അനുവദിച്ച 10,000/- രൂപയ്ക്കു പുറമെ 5.6.2012 ലെ സ.ഉ.(കയ്യെഴുത്ത്) നം : 235/12/റവ. പ്രകാരം 50,000/-രൂപയും, സർവ്വശ്രീ. പ്രിൻസ്, രതീഷ് എന്നിവർക്ക് നേരത്തേ അനുവദിച്ച 10,000/- രൂപയ്ക്കു പുറമേ ജി.ഒ. (ആർ.റ്റി)നമ്പർ: 3141/12/റവ. തീയതി, 6.6.2012 പ്രകാരം 15,000/- രൂപ വീതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ അപകടത്തിൽ പരിക്കേറ്റവരെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭിച്ചതിൽ എന്തെങ്കിലും അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വളരെ ഗുരുതരമായി പരിക്കു പറ്റി ശരീരം തളർന്ന് ഇപ്പോഴും ചെമ്മനാകരി ഇൻഡോ അമേരിക്കൻ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുകയും ചെയ്യുന്ന തണ്ണീർമുക്കം ചീച്ചനാട്ട് വെളിയിൽ സുധീഷിന് സർക്കാർ അനുവദിച്ചത് 10000/- രൂപയായിരുന്നുവെന്നും, തുക കുറഞ്ഞതിനാൽ ഇവർ തുക കൈപ്പറ്റിയിട്ടില്ലെന്നും, ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ